(സി) പ്രസ്തുത അപേക്ഷയിൻമേൽ എന്ത് തീരുമാനമെടുത്തു;

(സി) സീനിയോറിറ്റി അനുവദിച്ചു കൊടുക്കാത്തതിന്റെ കാരണം എന്താണ്?

ഉത്തരം

(എ) അപേക്ഷ നൽകിയിരുന്നു.

(ബി ആൻഡ് സി) സീനിയോറിറ്റി സംബന്ധിച്ച തർക്കം പരിശോധിച്ചുവരികയാണ്.

അന്യ സംസ്ഥാനങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ഒഴുക്ക് തടയാൻ നടപടി

60 [1585] ശ്രീ. കെ. സുധാകരൻ:
,, ടി. എൻ. പ്രതാപൻ:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ;

(എ) നിലവിൽ കർണ്ണാടകത്തിൽ നേഴ്സിംഗ് പഠിക്കുന്ന സംസ്ഥാനത്തിലെ വിദ്യാർത്ഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങൾ വഴി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്തുനിന്നും കൂടുതൽ വിദ്യാർത്ഥികൾ കർണ്ണാടകത്തിലേക്കു പോവുകയും തൻമൂലം സംസ്ഥാനത്തുനിന്നും പണം കർണ്ണാടകത്തിലേക്ക് ഒഴുകുകയും ചെയ്യുന്നുണ്ടോ;

(സി) എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുവാൻ എന്തു നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആൻഡ് ബി) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സ്വകാര്യ സ്ഥാപനങ്ങൾ വഴി വിദ്യാഭ്യാസ വായ്പ നൽകുന്നില്ല.

(സി) ഉദിക്കുന്നില്ല.

പേരാമ്പ്ര അസംബ്ലി മണ്ഡലത്തിലെ സ്കൂളുകൾ

61 [1586] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പേരാമ്പ്ര അസംബ്ലി മണ്ഡലത്തിൽ ഗവൺമെന്റ് സ്കൂളുകൾ, എയിഡഡ്, അൺ എയിഡഡ് സ്കൂളുകൾ എന്നിവ ഓരോ പഞ്ചായത്തിലും എത്ര വീതമാണ്;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ +2 കോഴ്സ് ഇല്ലാത്ത ഹൈസ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly